**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2153** **12-02-2024 - ൽ മറുപടിയ്ക്ക്**

**സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആഭ്യന്തര അറ്റസ്റ്റേഷൻ നടത്തി നൽകുന്നത് ഏതെല്ലാം സർട്ടിഫിക്കറ്റുകളിലാണെന്നും ഓരോന്നും അറ്റസ്റ്റ് ചെയ്ത് കിട്ടുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | വിദേശ രാജ്യങ്ങളിലേക്ക് വിദ്യാഭ്യാസം / തൊഴിൽ / കുടിയേറ്റം എന്നിവക്കായി പോകുന്നവരുടെ വിദേശ എംബസികളിലെയും ആ രാജ്യങ്ങളിലെയും നടപടിക്രമങ്ങൾക്കായുള്ള വ്യക്തിഗത സ്വകാര്യ രേഖകൾ / പ്രമാണങ്ങൾ, വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവ അവയുടെ ആധികാരികത സംബന്ധിച്ച് വെരിഫിക്കേഷൻ നടത്തിയും ചിലത് നോട്ടറൈസേഷന്റെ അടിസ്ഥാനത്തിലും പ്രമാണങ്ങളുടെ ഒറിജിനലുകളിൽ ആഭ്യന്തര വകുപ്പ് ചെയ്തു വരുന്നു. പൊതുവായി അറ്റസ്റ്റേഷൻ നടത്തുന്ന സർട്ടിഫിക്കറ്റുകൾ ഇവയാണ്:-<br><br>1. ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ.<br>2. സത്യവാങ്മൂലങ്ങൾ / NOC / ഡിക്ലറേഷൻ.<br>3. പവർ ഓഫ് അറ്റോർണി.<br>4. മെഡിക്കൽ സർട്ടിഫിക്കറ്റുകൾ.<br>5. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ.<br>6. ട്രാൻസ്ക്രിപ്റ്റുകൾ / മാർക്ക് ഷീറ്റുകൾ.<br>7. എസ്.എസ്.എൽ.സി / പ്ലസ് ടു / പ്രീ ഡിഗ്രി എന്നിവയുടെ പരാജയപ്പെട്ട സർട്ടിഫിക്കറ്റുകൾ.<br>8. എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ.<br>9. പോലീസ് നൽകുന്ന സർട്ടിഫിക്കറ്റുകൾ.<br>10. തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന വൺ & സെയിം സർട്ടിഫിക്കറ്റുകൾ, ബന്ധുത്വ സർട്ടിഫിക്കറ്റുകൾ, കുടുംബ അംഗത്വ സർട്ടിഫിക്കറ്റുകൾ, വരുമാന സർട്ടിഫിക്കറ്റുകൾ, നേറ്റിവിറ്റി സർട്ടിഫിക്കറ്റുകൾ തുടങ്ങി വിവിധ സർട്ടിഫിക്കറ്റുകൾ.<br>11. വിവിധ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ (മെഡിക്കൽ കൗൺസിൽ, നഴ്സിംഗ് |

| | | | |
|---|---|---|---|
| | | | തുടങ്ങിയവ.)<br>12. ട്രാൻസ്ഫർ സർട്ടിഫിക്കറ്റുകൾ.<br>13. അധികാരികൾ നൽകുന്ന ബോണഫൈഡ് സർട്ടിഫിക്കറ്റുകൾ.<br>14. ഫിംഗർ പ്രിന്റ് സ്ലിപ്പുകൾ.<br>15. വിവാഹ മോചനം സംബന്ധിച്ച രേഖകൾ/ വിവിധ കോടതി ഉത്തരവുകൾ.<br>16. അപേക്ഷകർ അതാത് രാജ്യങ്ങളുടെ ആവശ്യാർത്ഥം ഹാജരാക്കുന്ന മറ്റു വ്യക്തിഗത സർട്ടിഫിക്കറ്റുകൾ<br><br>ഇക്കാര്യത്തിലുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന 28-05-2021 ലെ അറ്റ-1/38/2020-ആഭ്യന്തരം, 04.04.2022 ലെ അറ്റ-1/7/2022-ആഭ്യന്തരം, 15.09.2023 ലെ അറ്റ-1/11/2023-ആഭ്യന്തരം എന്നീ സർക്കുലറുകൾ യഥാക്രമം അനുബന്ധം-1, അനുബന്ധം-2, അനുബന്ധം-3 ആയി ചേർക്കുന്നു |
| (ബി) | വിദേശ രാജ്യങ്ങളിലേക്ക് പവർ ഓഫ് അറ്റോർണി ആഭ്യന്തര അറ്റസ്റ്റേഷൻ ചെയ്ത് നൽകുന്നതിന് എന്തെല്ലാം രേഖകളാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | 28-05-2021 ലെ അറ്റ-1/38/2020/ആഭ്യന്തരം നമ്പർ സർക്കുലറിലെ (എച്ച്) നിർദ്ദേശം പ്രകാരം പവർ ഓഫ് അറ്റോർണി നൽകുന്ന ആളിന്റേയും (executants), അറ്റോർണിയുടേയും പാസ്പോർട്ടുകളുടെയോ (പാസ്പോർട്ടിന്റെ അഭാവത്തിൽ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ-തിരിച്ചറിയൽ കാർഡിന്റെയോ) പകർപ്പുകൾ നിർബന്ധമായും സമർപ്പിച്ചിരിക്കണം. മരണാനന്തര പ്രതിഫലം ലഭിക്കേണ്ട കേസുകളിൽ മുക്ത്യാർ/ സത്യവാങ്മൂലം സാക്ഷ്യപ്പെടുത്താൻ, അവകാശ / പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സലോ, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഹാജരാക്കേണ്ടതാണ്. ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്, റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ അവകാശ സർട്ടിഫിക്കറ്റിനു പകരമായി മരണാന്തര പ്രതിഫലം ലഭിക്കേണ്ട മുക്ത്യാർ / സത്യവാങ്മൂലം അറ്റസ്റ്റ് ചെയ്യുന്നതിന് സമർപ്പിക്കുവാൻ പാടില്ല. ടി സർട്ടിഫിക്കറ്റിൽ അവകാശികളായി പറയുന്ന എല്ലാവർക്കുമായോ, ഏതാനും പേർക്ക മാത്രമായോ ഒരാൾക്കു മാത്രമായോ അക്കാര്യം എടുത്തു പറഞ്ഞ് സാക്ഷ്യപ്പെടുത്തുന്നതിന് വേണ്ടിയുള്ള മുക്ത്യാർ തയ്യാറാക്കേണ്ടതാണ്. പവർ ഓഫ് അറ്റോർണി തയ്യാറാക്കുന്നതിന് മുദ്രപത്രവില സ്റ്റാമ്പ് ആക്റ്റിൽ നിർദ്ദേശിക്കും പ്രകാരമായിരിക്കണം. ഇംഗ്ലീഷ് പവർ ഓഫ് അറ്റോർണിയുടെ അറബി മൊഴിപ്പകർപ്പ് ആവശ്യമാണെങ്കിൽ അതും മുദ്ര പത്രത്തിൽ തയ്യാറാക്കേണ്ടതും ഗവൺമെന്റ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത അറബിക് പ്രൊഫസർ ശരിതർജ്ജമയാണെന്ന് |

| | | | |
|---|---|---|---|
| | | | സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ പവർ ഓഫ് അറ്റോർണിയിൽ പരാമർശിക്കുന്ന രേഖകളുടെ പകർപ്പ് പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. മരണാനന്തര ആനുകൂല്യത്തിനായി മുക്ത്യാറുകളിൽ മൈനറായുള്ള കുട്ടികൾക്കുവേണ്ടി ഒപ്പിടുന്നത് സംബന്ധിച്ച് അനുബന്ധം-2 ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

FILE No.ATT-1/38/2020/HOME

"ഭരണഭാഷ-മാതൃഭാഷ" അനുബന്ധം -1

# കേരള സർക്കാർ

നം.അറ്റ-1/38/2020/ആഭ്യന്തരം.

ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 28/052021.

## സർക്കുലർ

വിഷയം:- ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്-പൊതുജനങ്ങൾക്ക് നല്കിവരുന്ന അറ്റസ്റ്റേഷൻ സേവനങ്ങൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനുള്ള പരിഷ്കരിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 23/09/2011 ലെ 71684/അറ്റ /2011/ആഭ്യന്തരം നമ്പർ പരിപത്രം.
2) 12/12/2011 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3653/2011/ആഭ്യന്തരം.
3) 16/02/2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം.454/2012/ആഭ്യന്തരം.
4) 05/05/2017 ലെ 98745/എ.റ്റി.റ്റി/2017/ആഭ്യന്തരം നമ്പർ പരിപത്രം.
5) 23/09/2019 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.139/2019/ആഭ്യന്തരം.

വിദേശ രാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റുകൾ / രേഖകൾ പൊതുജനങ്ങൾക്ക് നേരിട്ട് സാക്ഷ്യപ്പെടുത്തി നൽകുന്നതിനുള്ള സംവിധാനമാണ് ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ആഭ്യന്തര വകുപ്പ് പൊതുജനങ്ങൾക്ക് നേരിട്ട് നൽകി വരുന്ന ടി സേവനങ്ങൾ അഴിമതിരഹിതവും, സുതാര്യവുമാക്കുന്നതിനായി പരാമർശ സർക്കുലറുകൾ പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ താഴെപറയും പ്രകാരം വ്യക്തത വരുത്തി പരിഷ്കരിച്ചിരിക്കുന്നു.

**എ**) വിദേശ രാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റുകൾ / രേഖകൾ സാക്ഷ്യപ്പെടുത്തി നൽകുകയാണ് ആഭ്യന്തര വകുപ്പ് ചെയ്യുന്നത്. രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.30 മുതൽ ഉച്ചക്ക് 1.00 മണി വരെ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് നേരിട്ട് സ്വീകരിക്കുകയും, രേഖകളുടെ വിശ്വാസ്യത പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷം സാക്ഷ്യപ്പെടുത്തി ഉച്ചതിരിഞ്ഞ് 3.00 മണിക്ക് ശേഷം വിതരണം ചെയ്യുകയും ചെയ്യുന്നതാണ്.

.... conti:

ബി) സർട്ടിഫിക്കറ്റിന്റെ / രേഖയുടെ ഉടമസ്ഥൻ നേരിട്ടോ, ഏറ്റവും അടുത്ത ബന്ധു മുഖേനയോ, അപേക്ഷ നല്കേണ്ടതാണ്. സർട്ടിഫിക്കറ്റ് ഉടമസ്ഥന്റേയും, അപേക്ഷകന്റേയും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുടെ (Photo -ID Card) പകർപ്പ് അപേക്ഷയോടും , സാക്ഷ്യപ്പെടുത്തി നൽകേണ്ടുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പിനോടുമൊപ്പം സമർപ്പിക്കേണ്ടതാണ്.

**സി**)ആഭ്യന്തര വകുപ്പിൽ നിന്നും അംഗീകാരം ലഭിച്ച ട്രാവൽ ഏജന്റുമാർ മുഖേനയും, നോർക്ക മുഖേനയും രേഖകൾ/സർട്ടിഫിക്കറ്റുകൾ സ്വീകരിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നതാണ്.

**ഡി**) അസൽ രേഖകൾ സാക്ഷ്യപ്പെടുത്തി നൽകുന്നതിന് സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് വെള്ളക്കടലാസിൽ അതിനോടനുബന്ധിച്ച് ഉള്ളടക്കം ചെയ്യുന്ന രേഖകൾ സാക്ഷ്യപ്പെടുത്തിതരണമെന്ന് കാണിച്ച് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ ഒന്നിന് 10/-രൂപ (പത്ത് രൂപ മാത്രം) എന്ന ക്രമത്തിൽ കോർട്ട് ഫീ സ്റ്റാമ്പും പതിച്ചിരിക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്തി കിട്ടേണ്ട രേഖകൾ പരിശോധനയ്ക്ക് /അന്വേഷണത്തിന് വിധേയമാക്കുമ്പോൾ എന്തെങ്കിലും സംശയങ്ങളോ, പോരായ്മകളോ, തെറ്റുകളോ, കുറവുകളോ ഉള്ളതായി കണ്ടാൽ അവ പരിഹരിച്ച്, അപേക്ഷ പുന:സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

**ഇ**) സംസ്ഥാനത്തിനകത്തുള്ള ഉത്തരവാദപ്പെട്ട അധികാരികൾ / അധികാര സ്ഥാപനങ്ങൾ നൽകിയ അസൽ രേഖകളും / സർട്ടിഫിക്കറ്റുകളും മാത്രമെ സാക്ഷ്യപ്പെടുത്തി നൽകുകയുള്ളൂ . മറ്റു സംസ്ഥാനങ്ങളിൽ നിന്നോ, യൂണിയൻ ഭരണ പ്രദേശങ്ങളിൽ നിന്നോ, ലഭിച്ചിട്ടുള്ള രേഖകളും, സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തി കിട്ടുന്നതിന് ബന്ധപ്പെട്ട സർക്കാരുകളെ സമീപിക്കേണ്ടതാണ്.

**എഫ്**)ജനന- മരണ രജിസ്ട്രാറുകളിൽ നിന്നും ലഭിക്കുന്ന ജനന/മരണ സർട്ടിഫിക്കറ്റുകൾ, ക്ഷേത്രങ്ങൾ, മുസ്ലിം , ക്രിസ്ത്യൻ ദേവാലയങ്ങൾ, ഇവയുമായി ബന്ധപ്പെട്ട മറ്റു അംഗീകൃത സ്ഥാപനങ്ങൾ, വിവാഹ രജിസ്ട്രാർ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റുകൾ, സത്യവാങ്മൂലം, മുക്ത്യാർ, തഹസിൽദാർമാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ, കോടതി ഉത്തരവുകൾ , സർക്കാർ അംഗീകരിച്ചിട്ടുള്ള സർക്കാർ സഹായമുള്ള വിദ്യാലയങ്ങളിൽ നിന്നും നിർദ്ദിഷ്ട രൂപരേഖയിൽ ലഭിക്കുന്ന വിടുതൽ സർട്ടിഫിക്കറ്റുകൾ, അംഗീകൃത ഡോക്ടർമാർ നൽകുന്ന മെഡിക്കൽ /ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ, പേരുമാറ്റം, ജനന തീയതി എന്നിവയെ സംബന്ധിച്ച സത്യവാങ്മൂലം എന്നിവ സാക്ഷ്യപ്പെടുത്തുന്നതിന് ആയതുമായി ബന്ധപ്പെട്ട അംഗീകൃത രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്. ഏഷ്യൻ ഭൂഖണ്ഡത്തിൽ പെടുന്നവ ഒഴികെയുള്ള മറ്റു രാജ്യങ്ങളിലേക്ക്

....conti:

സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തേണ്ട കേസുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന,മരണ,വിവാഹ സർട്ടിഫിക്കറ്റുകൾ പോലീസ് വെരിഫിക്കേഷൻ കൂടാതെ ഓൺലൈൻ വെരിഫിക്കേഷൻ നടത്തി അറ്റസ്റ്റ് ചെയ്തു നൽകുന്നതാണ്.ഓൺലൈൻ ആയി ഡൌൺലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾ മാത്രമേ ഇതിനായി പരിഗണിക്കുകയുള്ളൂ. അല്ലാതെ മാന്വലായി പുറപ്പെടുവിച്ചിട്ടുള്ളവ പോലീസ് വെരിഫിക്കേഷൻ നടത്തിയതിനു ശേഷമേ അറ്റസ്റ്റ് ചെയ്തു നൽകുകയുള്ളൂ.

**ജി**) വിവാഹ സത്യവാങ്മൂലമോ/സർട്ടിഫിക്കറ്റോ സാക്ഷ്യപ്പെടുത്തുന്നതിന് പുരുഷനും സ്ത്രീയും തമ്മിൽ ഏതു സ്ഥലത്ത് വെച്ച് വിവാഹം കഴിച്ചു എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം . 01.03.2008 ന് "The Kerala Registration of Marriage Rules" നിലവിൽ വന്നതിനാൽ ടി തീയതിക്കുശേഷം നടന്ന വിവാഹങ്ങളുടെ കാര്യത്തിൽ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ, വിവാഹ രജിസ്ട്രാർ മുമ്പാകയോ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റുകൾ തന്നെ അറ്റസ്റ്റേഷനുവേണ്ടി ഹാജരാക്കേണ്ടതാണ്. 01/03/2008 ന് മുമ്പ് നൽകപ്പെട്ടിട്ടുള്ള ദേവാലയങ്ങളുടേയോ, സാമുദായിക സംഘടനകളുടേയോ മാര്യേജ് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതാണ്. മാര്യേജ് എഗ്രിമെന്റ്/കരാർ എന്നിവ അറ്റസ്റ്റ് ചെയ്ത് നൽകുന്നതല്ല. ജനനം ,വിവാഹം എന്നിവ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കേസുകളിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ നിന്നുള്ള Non-availability Certificate-ും അതിനോടൊപ്പം നോട്ടറൈസ് ചെയ്ത സത്യവാങ് മൂലവും വാങ്ങി സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധികാരപ്പെട്ട ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മുൻപാകെ മുദ്രപത്രത്തിൽ ആയതു സംബന്ധിച്ച അഫിഡവിറ്റ് തയ്യാറാക്കി നോട്ടറൈസ് ചെയ്തു സമർപ്പിക്കേണ്ടതാണ്. ബാച്ലർഹുഡ് സംബന്ധിച്ച അഫിഡവിറ്റ് തയ്യാറാക്കുന്നവരും അധികാരപ്പെട്ട ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മുൻപാകെ മുദ്രപത്രത്തിൽ ആയതു സംബന്ധിച്ച അഫിഡവിറ്റ് തയ്യാറാക്കി നോട്ടറൈസ് ചെയ്തു സമർപ്പിക്കേണ്ടതാണ്.

**എച്ച്**)പവർ ഓഫ് അറ്റോർണി സാക്ഷ്യപ്പെടുത്തേണ്ട കാര്യങ്ങളിൽ ആയത് നൽകുന്ന (Executants) ആളിന്റേയും, അറ്റോർണിയുടേയും പാസ്പോർട്ടുകളുടെ പകർപ്പുകൾ നിർബന്ധമായും സമർപ്പിച്ചിരിക്കണം. (പാസ്പോർട്ടിന്റെ അഭാവത്തിൽ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ-, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സമർപ്പിച്ചാൽ മതിയാകും). മരണാനന്തര പ്രതിഫലം ലഭിക്കേണ്ട. കേസുകളിൽ മുക്ത്യാർ / സത്യവാങ്മൂലം സാക്ഷ്യപ്പെടുത്താൻ, അവകാശ/പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സലോ, ഗസറ്റഡ് ഉദ്യോഗസ്ഥൻ

....conti:

സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഹാജരാക്കേണ്ടതാണ്. ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്, റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ അവകാശ സർട്ടിഫിക്കറ്റിനു പകരമായി മരണാന്തര പ്രതിഫലം ലഭിക്കേണ്ട മുക്ത്യാർ / സത്യവാങ്മൂലം അറ്റസ്റ്റ് ചെയ്യുന്നതിന് സമർപ്പിക്കുവാൻ പാടില്ല. ടി സർട്ടിഫിക്കറ്റിൽ അവകാശികളായി പറയുന്ന എല്ലാവർക്കുമായോ, ഏതാനും പേർക്കു മാത്രമായോ ഒരാൾക്കു മാത്രമായോ അക്കാര്യം എടുത്തു പറഞ്ഞ് സാക്ഷ്യപ്പെടുത്തുന്നതിന് വേണ്ടിയുള്ള മുക്ത്യാർ തയ്യാറാക്കേണ്ടതാണ്. പവർ ഓഫ് അറ്റോർണി തയ്യാറാക്കുന്നതിന് മുദ്രപത്രവില സ്റ്റാമ്പ് ആക്റ്റിൽ നിർദ്ദേശിക്കും പ്രകാരമായിരിക്കണം. ഇംഗ്ലീഷ് പവർ ഓഫ് അറ്റോർണിയുടെ അറബി മൊഴിപ്പകർപ്പ് ആവശ്യമാണെങ്കിൽ അതും മുദ്ര പത്രത്തിൽ തയ്യാറാക്കേണ്ടതും ഗവൺമെന്റ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത അറബിക് പ്രൊഫസർ ശരിതർജ്ജമയാണെന്നും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**ഐ**) മേൽപ്പറഞ്ഞ എല്ലാ സർട്ടിഫിക്കറ്റുകളും 1952-ലെ നോട്ടറീസ് ആക്ട് അനുസരിച്ച് പ്രാക്ടീസ് ചെയ്യുന്ന നോട്ടറിമാരെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതും അവയുടെ പകർപ്പ സഹിതം ഹാജരാകേണ്ടതുമാണ്.

**ജെ**) സർക്കാർ വകുപ്പുകൾ/ സ്വയംഭരണ സ്ഥാപനങ്ങൾ, അംഗീകൃത സർവകലാശാലകൾ, അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരീക്ഷ കമ്മീഷണർ എന്നിവർ നൽകുന്ന വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ/ മാർക്ക് ലിസ്റ്റുകൾ/ ഡ്രൈവിംഗ് ലൈസൻസുകൾ എന്നിവ അതിന്റെ നിജസ്ഥിതി ബന്ധപ്പെട്ട അധികാരികളിൽ നിന്നും അന്വേഷിച്ചറിഞ്ഞതിനുശേഷമേ സാക്ഷ്യപ്പെടുത്തി നൽകുകയുള്ളൂ. ഇതിനായി ടി സർട്ടിഫിക്കറ്റിന്റെ മൂന്ന് പകർപ്പുകൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ഇത്തരം സർട്ടിഫിക്കറ്റുകൾ നോട്ടറൈസ് ചെയ്യേണ്ടതില്ല.

**കെ**) സംസ്ഥാനത്തിനകത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന വിദ്യാഭ്യാസ യോഗ്യത , പരിശീലനം, പ്രവൃത്തി പരിചയം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സർക്കാരിന്റെ അതുമായി ബന്ധപ്പെട്ട ജില്ലാ അധികാരിയിൽ നിന്നും കൗണ്ടർസൈൻ ചെയ്തു വാങ്ങേണ്ടതാണ്. പ്രൈവറ്റ് ആശുപത്രികളിൽ നൽകുന്ന സർട്ടിഫിക്കറ്റുകൾ ജില്ലാ മെഡിക്കൽ ഓഫീസറും, പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ ജില്ലാതല വിദ്യാഭ്യാസ ഓഫീസറും (അസിസ്റ്റന്റ് /ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫിസർ , ടെക്ക്നിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ), തൊഴിൽ വകുപ്പിന്റെ കീഴിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന

....conti:

സർട്ടിഫിക്കറ്റുകൾ ജില്ലാ ലേബർ ഓഫീസറുമാണ് കൗണ്ടർസൈൻ ചെയ്ത് നൽകേണ്ടത്. സർട്ടിഫിക്കറ്റിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പാക്കിയശേഷമേ ഇത്തരം സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൗണ്ടർസൈൻ ചെയ്തു നൽകാവൂ ജില്ലാ ഓഫീസർമാർ ഇല്ലാത്ത വകുപ്പുകളിൽ ബന്ധപ്പെട്ട വകുപ്പധികാരികുതന്നെ മേൽപ്പറഞ്ഞ പ്രകാരം സർട്ടിഫിക്കറ്റുകൾ കൗണ്ടർ സൈൻ ചെയ്തു നൽകാവുന്നതാണ്. ഇപ്രകാരം കൗണ്ടർസൈൻ ചെയ്ത രേഖകൾ നോട്ടറി അറ്റസ്റ്റേഷനു ശേഷം ആഭ്യന്തര വകുപ്പിൽ സമർപ്പിക്കാവുന്നതാണ് .

സ്വകാര്യ കോളേജുകൾ നൽകുന്ന മാർക്ക് ലിസ്റ്റ്, ട്രാൻസ്ക്രിപ്റ്റ് എന്നിവ ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയിൽ നിന്നും കൗണ്ടർസൈൻ ചെയ്തു വാങ്ങേണ്ടതാണ്. റ്റി .സി , കോഴ്സ് സർട്ടിഫിക്കറ്റുകൾ ഇവ ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയിൽ നിന്നുമുള്ള കൗണ്ടർസൈൻ വാങ്ങി സമർപ്പിക്കുകയോ അഥവാ ടി കോളേജിന് ബന്ധപ്പെട്ട കോഴ്സ് നടത്തുന്നതിന്റെ അംഗീകാരം ലഭ്യമായതിന്റെ രേഖയുടെ പകർപ്പ്, ടി വിദ്യാർത്ഥി , ടി കോഴ്സ് ചെയ്തത് സംബന്ധിച്ച ഒരു സ്പെഷ്യൽ സർട്ടിഫിക്കറ്റ് എന്നിവ വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. സ്വയംഭരണ കോളേജുകൾ നൽകുന്ന ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യുന്നതിന് AICTE അപ്പ്രൂവൽ (ബന്ധപ്പെട്ട കോളേജിനും/കോഴ്സിനും) ലഭ്യമായ രേഖയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.

**എൽ**)സർക്കാർ തന്നെ നേരിട്ട് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തേണ്ട കേസുകളിൽ (ഇറ്റലി/നെതർലാൻഡ് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേക്ക്) അതതു സർട്ടിഫിക്കറ്റുകളുടെ മൂന്ന് പകർപ്പുകൾ വീതം ഉള്ളടക്കം ചെയ്ത അപേക്ഷ സമർപ്പിക്കേണ്ടതും ആയതു സ്പെഷ്യൽ ബ്രാഞ്ച് പോലീസ് മുഖാന്തിരം അന്വേഷണം നടത്തിയശേഷം ഒറിജിനൽ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകുന്നതുമാണ്. സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ ഖണ്ഡിക (കെ)- ൽ പറയും പ്രകാരം ജില്ലാതല ഓഫീസർ കൗണ്ടർ സൈൻ ചെയ്തശേഷം അതിന്റെ 3 പകർപ്പുകൾ ആഭ്യന്തര വകുപ്പിൽ സമർപ്പിക്കേണ്ടതും ആയത് സ്പെഷ്യൽ ബ്രാഞ്ച് പോലീസ് മുഖേന അന്വേഷണം നടത്തി ഒറിജിനൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്ത് നൽകുന്നതുമാണ്.

**എം**)അറ്റസ്റ്റേഷനുമായി എത്തുന്ന പൊതുജനങ്ങൾക്ക് സെക്രട്ടറിയേറ്റ് സന്ദർശക സഹായ കേന്ദ്രത്തിൽ നിന്നും രാവിലെ 10.15 മുതൽ പാസ് നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി വന്നതാണെന്നതിനുള്ള തെളിവുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതാണ്.

....conti:

**എൻ**)CBSE സ്കൂളുകൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ തിരുവനന്തപുരം ജില്ലയിലെ പട്ടത്ത് സ്ഥിതിചെയ്യുന്ന Regional Office of CBSE - ൽ നിന്നും കൗണ്ടർസൈൻ ചെയ്ത് സമർപ്പിക്കേണ്ടതും , ICSE സ്കൂളുകൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ (സ്കൂളുകൾ മുഖേന)കൊൽക്കൊത്തയിലെ ICSE Zonal Office-ൽ നിന്നോ അല്ലെങ്കിൽ ജില്ലാ വിദ്യാഭ്യാസ ഓഫിസറിൽ നിന്നോ കൗണ്ടർസൈൻ ചെയ്ത് നോട്ടറൈസ് ചെയ്ത് സമർപ്പിക്കേണ്ടതാണ്.

**ഒ**)കമ്പനികൾ /സ്ഥാപനങ്ങൾ എന്നിവ നൽകുന്ന Board Resolution മുദ്രപത്രത്തിൽ പ്രിന്റ് ചെയ്ത് , നോട്ടറി അറ്റസ്റ്റ് ചെയ്ത് വേണം സമർപ്പിക്കേണ്ടത്.

**പി**)വിവാഹമോചനം സംബന്ധിച്ച കോടതി വിധി, വഖഫ് ബോർഡിൽ നിന്നുള്ള വിവാഹമോചനം സംബന്ധിച്ച സർട്ടിഫിക്കറ്റ് എന്നിവ നോട്ടറൈസ് ചെയ്ത ശേഷം അറ്റസ്റ്റ് ചെയ്യുന്നതിന് സമർപ്പിക്കേണ്ടതാണ്.

പൊതുജനങ്ങൾക്ക് സുതാര്യമായും കുറ്റമറ്റരീതിയിലും മെച്ചപ്പെട്ട സേവനം നേരിട്ട് ലഭ്യമാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച മേൽ മാർഗ്ഗനിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും പാലിക്കുന്നതിനും ബന്ധപ്പെട്ടവരെല്ലാം വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു.

സുഭാഷ് .ആർ

ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും

എല്ലാ വകുപ്പ് മേധാവികൾക്കും (എല്ലാ ജില്ലാ ഓഫീസർമാർക്കും അറിയിപ്പ് നൽകുന്നതിന്)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, I&PRD തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്-ബഹു.മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്/പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.അറ്റ-1/7/2022-ആഭ്യന്തരം
ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 04-04-2022

## <u>സർക്കുലർ</u>

വിഷയം:- ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് - വിദേശ രാജ്യങ്ങളിലേക്കുള്ള അറ്റസ്റ്റേഷൻ സേവനങ്ങൾ - മരണാനന്തര ആനുകൂല്യം കൈപ്പറ്റുന്നതിനുള്ള പവർ ഓഫ് അറ്റോർണികളിൽ മൈനറായുള്ള കുട്ടികൾക്ക് വേണ്ടി ഒപ്പിടുന്നത് - നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 28/05/2021-തീയതിയിലെ അറ്റ-1/38/2020-ആഭ്യന്തരം നമ്പർ പരിപത്രം.

വിദേശരാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റുകൾ / രേഖകൾ പൊതുജനങ്ങൾക്ക് നേരിട്ട് സാക്ഷ്യപ്പെടുത്തി നൽകുന്ന കാര്യത്തിൽ സൂചനയിലെ പരിപത്രം പ്രകാരം സർക്കാർ പരിഷ്കരിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് . മേൽ പരിപത്രത്തിലെ ഇനം (എച്ച്) ൽ വിദേശത്തു നിന്ന് മരണാനന്തര പ്രതിഫലം ലഭിക്കേണ്ട കേസുകളിൽ മുക്ത്യാർ / സത്യവാങ്മൂലം സാക്ഷ്യപ്പെടുത്താൻ അവകാശ/പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സലോ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഹാജരാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട് . ഇപ്രകാരം ഹാജരാക്കുന്ന പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിൽ മൈനറായുള്ള കുട്ടികൾ ഉൾപ്പെട്ടിട്ടുള്ള പക്ഷം അവർക്കു വേണ്ടി പവർ ഓഫ് അറ്റോർണികളിൽ ഒപ്പിടേണ്ടത് നിയമപ്രകാരമുള്ള അവകാശികളാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ മരണാനന്തര ആനുകൂല്യത്തിനായി പവർ ഓഫ് അറ്റോർണികളിൽ മൈനറായുള്ള കുട്ടികൾക്ക് വേണ്ടി ഒപ്പിടുന്നതിൽ തർക്കം വരാറുണ്ട് .

2. മേൽ സാഹചര്യത്തിൽ സൂചനയിലെ പരിപത്രത്തിലെ ഇനം (എച്ച്) ൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൂടി ചേർത്ത് പരിഷ്കരിച്ച് ഉത്തരവാകുന്നു .

***" നിയമപ്രകാരമുള്ള മരണാനന്തര ആനുകൂല്യം കൈപ്പറ്റുന്നതിനായി തയ്യാറാക്കുന്ന മുക്ത്യാറുകളിൽ ( power of attorney ) (i) മൈനറായ കുട്ടികൾക്കു വേണ്ടി ഒപ്പു വെയ്ക്കുന്നതിന് മാതാപിതാക്കൾ ഇല്ലാതിരിക്കുകയും (അതായത് മാതാപിതാക്കൾ 2 പേരും മരണപ്പെട്ട് പോയവർ) അല്ലെങ്കിൽ (2) മൈനറുടെ മതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെടുകയും മറ്റെയാൾ നിയമപ്രകാരം വിവാഹ മോചിതനോ/വിവാഹ മോചിതയോ ആവുകയോ, പുനർ വിവാഹം ചെയ്യുകയോ, അല്ലെങ്കിൽ മരണപ്പെട്ട മുൻ പങ്കാളിയുടെ സ്വത്തിൽ അവകാശം ഇല്ലാതാവുകയോ (അതായത് മുൻ പങ്കാളിയുടെ legal heir ship certificate-ൽ പേരില്ലാത്തവർ) ചെയ്യുന്ന സന്ദർഭങ്ങളിൽ, പവർ ഓഫ് അറ്റോർണികളിൽ മൈനറായുള്ള കുട്ടികൾക്ക് വേണ്ടി ഒപ്പിടുന്നവർ നിയമ പ്രകാരം അഡിഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് (ഡെപ്യൂട്ടി കളക്ടർ) നൽകുന്ന ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് (legal guardianship certificate) ഹാജരാക്കുകയോ കോടതി മുഖാന്തിരം കുട്ടിയുടെ സംരക്ഷണം നല്കപ്പെട്ടിട്ടുള്ളതിന്റെ ഉത്തരവ് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. "***

3. മേൽ ഭേദഗതികളോടെ സൂചനയിലെ സർക്കുലർ നിലനിൽക്കുന്നതാണ്.

SUBHASH R
JOINT SECRETARY

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.എല്ലാ വകുപ്പ് മേധാവികൾക്കും (എല്ലാ ജില്ലാ ഓഫീസർമാർക്കും അറിയിപ്പ് നൽകുന്നതിന്)
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I & PRD, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : ബഹു മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്/പ്രൈവറ്റ് സെക്രട്ടറിക്ക്.
ആഭ്യന്തര വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.

I/5872632/2023

അനുബന്ധം -3

ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

നം.അ -1/11/2023-ആഭ്യം
ആഭ ര (അ േ ഷൻ) വകു ്
തിരുവന ,പുരം
തീയതി: 15-09-2023

സർ ലർ ു

:-വിഷയം ആഭ ര അ േ( ) ഷൻ വകു ്- വേിദശ രാജ ളേില ു അ േ ഷൻ േസവന ൾ - One & Same certificate അ ് ുെച തുമായി ബ െ നിർേ ശ് ൾ പുറെ ടുവി ു –ത് സംബ ി ്

:-പരാമർശം തീയതിയെില അ -1/38/2020-ആഭ 28.05.2021)1ം ന .ർ പരിപ ം
2)07.10.2021 തീയതിയെില സ.ഉ(പി)നം.1/21/പി.ഐെ.ഇ&എം.ഡി ഉ .രവ്
3)03.02.2023 തീയതിയെില സ.ഉ(പി)നം.1/23/പി.ഐെ.ഇ&എം.ഡി ഉ .രവ്

വേിദശ രാജ ളിെല ആവശ ാർ ം വിവിധ സർ ിഫി /കൾ / േരഖകൾ മാണ ൾ എ ിവ െപാതുജന ൾ ്േനരി്സാ െട്ട ിനൽകു വിഷയ ിൽ പരാമർശം (1) െല പരിപ ം കാരം സർ ാർനിർേ ശ ൾ പുറെ ടുവി ിു ് പ തി നിർവഹണ വിലയിരു ൽ നിരീ ണ വകു ി പരാമർശം (3) െലഉ രവ്വ കാരം േകരളസർ ാരുമായിബ െ ഓഫീസുകളിൽ വ ിയെുട സത ാവന ഗസ ഡ് പദവിയില്ല ഉേദ ാഗ ൻ സാ െട്ട ി നൽകു ത് One and Same Certificate-ന് കരമായി ഉപേയാഗി ാവ്വ താണ് എ ും ഇത് കൂടാെത അേപ കൻ ആവശ െട്ട പ ം വേി ജ് ഓഫീസർ സർ ിഫി ് നൽകു തും തുടരാവ്വ താണ് എ ും നിർേ ശി ിു .്

േമൽ സാഹചര ിൽ വേിദശ എംബസികളേിലേ ാ രാജ ളേിലേ ാ സമർ ി ു തിനായി One and Same Certificate ആഭ്യ േ ഷനു േവ ി സമർ ി േ ുാൾ ചുവെട പറയു നിർേ ശ ൾ പാലി .താണ്



Generated from eOffice by SALEENA.F., ASO (ATT-1) HOME, ASO (ATT-1) HOME, HOME on 07/02/2024 03:16 PM

I/5872632/2023

എ) വിദേശ രാജ ങ്ങളിലോ വിദേശ എംബസികളിലോ ഹാജരാ ു തിനു േവ ിയുള്ള One and Same Certificate-കൾ തഹസിൽദാർമാർ / വില്ലേജ് ഓഫീസർമാർ നൽകു വയായിരി ണം ് എ പല എംബസികളും നി കർഷി ാറു ്. അതിനാൽ വിദേശ രാജ ങ്ങളിലോ എംബസികളിലോ ഹാജരാ ു തി ആവശ േില ുേവ ി പൊതുജന ൾ ആവശ െ ട്ടു പ ് One and Same Certificate-കൾ തഹസിൽദാർമാർ / വില്ലേജ് ഓഫീസർമാർ അടിയ രമായി നൽകേ താണ്. അതിനു േവ ി തഹസിൽദാറുടെ / വില്ലേജ് ഓഫീസറുടെ ഒ ള്ളു സർ ിഫി േ ാ ഡിജി ൽ സർ ിഫി േ ാ ആഭ ര അ േ ഷൻ വകു ിൽ സീലിംഗ് ുൊച തിനായി പൊതുജന ൾ ് ഹാജരാ ാവു . താണ്

ബി) ആഭ ര അ േ ഷനായി െകാ വരു ു /മ ് ഒറിജിനൽ േരഖകളിലേയാ മാണ ളിലേയാ േപരുകൾ ഒ േനാ ു ു തിനും സർ ാരിൽ പരിശോധി ് േബാധ ്യ െ ട്ടു തേില ംു േവ ി ഒരു അനുബ േരഖയായി മാ ം ഉപേയാഗി ു തിനൊണ ിൽ, ആ വ ിയുടെ സത ാവന ഗസ ഡ് പദവിയില്ല ഉദ്ദേ ാഗ ൻ സാ െ ട്ടു ി നൽകു ത് അപേ കന് One and Same Certificate-ന് പകരമായി ആഭ്യ കു ിൽ ഹാജരാ ാവു .താണ്

ുേമൽ േഭദഗതികേളാട പരാമർശം (1) െല പരിപ ം നിലനിൽ .താണ്

ഉ രവിൻ കാരം

PRIYA MOL M P
JOINT SECRETARY

Signed by
Rajkala V
Date: 15-09-2023 13:05:03

െസ ൻ ഓഫീസർ

എ ാ അഡീഷണൽ ചീഫ് െസ റിമാർ /ംു ിൻസിപ്പൽ െസ റിമാർ ം/െസ ുിമാർ ം/െ ഷ ൽ െസ റിമാർ ംു
എ ാ വകു േമധാവികൾ ് ം (എ ാ ജി ാ ഓഫീസർമാർ ം അറിയി ു് നൽകു തിന്)/എ ാ ജി ാ കള ർമാർ ംു
െസ േ റിയ െില നിയമം, ധനകാര ം ഉെ െടയു എ ാ വകു കൾ ു ംു
വിവര െപാതുജന സ ർ വകു )െവബ്&ന ൂ മീഡിയ ് (
കരുതൽ ഫയൽ/ഓഫീസ് പകർ ്

പകർ ്

ബഹു. മുഖ മ ിയുടെ െസ റി ൈ വ ് െസ ്/റി ്
ആഭ ര വകു അഡീഷണൽ ചീഫ് െസ ് ്റിയുടെ പിഎ



Generated from eOffice by SALEENA.F., ASO (ATT-1) HOME, ASO (ATT-1) HOME, HOME on 07/02/2024 03:16 PM

I/5872632/2023


Generated from eOffice by SALEENA.F., ASO (ATT-1) HOME, ASO (ATT-1) HOME, HOME on 07/02/2024 03:16 PM